**റിപ്പോർട്ട് നമ്പർ: 1.1**

**70-ാമത് ഭരണസമിതി യോഗത്തിൻെറ നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നു.**

# കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവ്വകലാശാല

## നടപടി കുറിപ്പുകൾ, 70-ാമത് ഭരണസമിതി യോഗം

തീയ്യതി : **16** ജനുവരി **2021**, സമയം : രാവിലെ **10.00** മണി
വേദി: ഗൂഗിൾ മീറ്റ് വഴി ഓൺലൈനായി
(ഫയൽ നമ്പർ: കെ.വി.എ.എസ്.യു./ജി.എ.-ബി1/13817/2020)

**ഹാജരായ അംഗങ്ങൾ:**

1. ഡോ. എം.ആർ. ശശീന്ദ്രനാഥ്, വൈസ് ചാൻസലർ - അദ്ധ്യക്ഷൻ
2. ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി - ധനകാര്യ വിഭാഗം പ്രതിനിധി
3. ശ്രീ. എ. മുഹമ്മദ് ഹുസൈൻ, അഡീഷണൽ സെക്രട്ടറി - നിയമ വിഭാഗം പ്രതിനിധി
4. ഡോ. ലീബ ചാക്കോ, മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (അദ്ധ്യാപക വിഭാഗം)
5. ശ്രീമതി. ഇ.എസ്. ബിജിമോൾ - എം.എൽ.എ., മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (വനിതാ വിഭാഗം)
6. ഡോ. എം.കെ. നാരായണൻ, മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (എസ്.സി./എസ്.റ്റി. വിഭാഗം)
7. ശ്രീ. തോമസ്.കെ.കെ., മാനേജ്മെന്റ് കൗൺസിൽ പ്രതിനിധി (ജനറൽ)
8. ശ്രീ. സി.കെ. ശശീന്ദ്രൻ - എം.എൽ.എ. (എം.എൽ.എ പ്രതിനിധി)
9. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ - മെമ്പർ സെക്രട്ടറി

**സാന്നിധ്യം:**

1. ശ്രീമതി. ശ്രീലത. എം - ഫിനാൻസ് ഓഫീസർ
2. ഡോ. അജിത് ജേക്കബ് ജോർജ്ജ് - ഡയറക്ടർ അക്കാദമിക്സ് & റിസേർച്ച്
3. ഡോ. കോശി ജോൺ, - ഡീൻ, സി.വി.എ.എസ്., പൂക്കോട്.
4. ഡോ. സി. ലത. - ഡീൻ, സി.വി.എ.എസ്., മണ്ണുത്തി.
5. ഡോ. എസ്.എൻ. രാജ്കുമാർ - ഡീൻ, സി.ഡി.എസ്.റ്റി. മണ്ണുത്തി.
6. ശ്രീ. ബാബുരാജ്. കെ.പി. - ഡയറക്ടർ, ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ് വിഭാഗം
7. ഡോ. എൻ. അശോക്, മുൻ രജിസ്ട്രാർ

യോഗം 10.00 മണിക്ക് ആരംഭിച്ചു. അദ്ധ്യക്ഷൻ എല്ലാ അംഗങ്ങളേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു.

| ഇനം നമ്പർ | വിഷയം | തീരുമാനം |
|---|---|---|
| 1.1 | 28/12/2020 - ന് നടന്ന 69-ാമത് ഭരണസമിതി യോഗത്തിന്റെ നടപടിക്രമം അംഗീകാരത്തിനായി സമർപ്പിക്കുന്നത്. | **ചുവടെ പറയുന്ന മാറ്റങ്ങളോടെ അംഗീകരിച്ചു:**<br><br>**Item 3.1: (Added the following)**<br><br>*At the outset, the Chair requested the* |

| | | |
|---|---|---|
| | | *Hon'ble member Dr. MK, Narayanan for his absence from the meeting at the time when considered the recommendations of selection committee as he was also the candidate to the post of Registrar. Subsequently, he left the meeting for that time and the matter was considered in his absence.*<br><br>*Action: Registrar* |
| 1.2 | 28/12/2020 - ന് നടന്ന 69-ാമത് ഭരണസമിതി യോഗത്തിന്റെ നടത്തിപ്പ് റിപ്പോർട്ട്. | **ചുവടെ പറയുന്ന മാറ്റങ്ങളോടെ അംഗീകരിച്ചു:**<br><br>**Item 2.3:** In the action taken, the term *"Transferred **Rs. 60 Lakhs** to Director, IDW"* changed to *"Transferred **Rs. 600 Lakhs** to Director, IDW"*<br><br>*Action: DAR & FO*<br><br>**Item 3.3:** The Chair intimated that the final verdict passed, accordingly appointment letter was issued to Dr. Vishnu Savanth and he joined as Asst. Professor in LPT Department.<br><br>*Action: Registrar* |
| 1.3 | GA/A1 - Dr.P.Sudheer Babu has assumed charge of the Registrar of the Kerala Veterinary & Animal Sciences University, Pookode, Wayanad – reporting – Reg. | Noted<br><br>*Action: Registrar* |
| 2.1 | DAR - Academic Programmes – Approval of result -Reg | Approved and recommended to the Management Council.<br><br>*Action: DAR* |
| 2.2 | DAR- Academic- Proposal to establish an endowment in the name of Dr. K.N.Muraleedharan Nayar, Former Dean i/c, and Professor and Head, Department of Veterinary Surgery, College of Veterinary and Animal Sciences Mannuthy – Reg. | (1). Approved.<br>(2). Agreed<br><br>It was decided that the Finance Officer will maintain the account details and the amount will be deposited at SBI, Kalpetta.<br><br>(3). Ratified.<br><br>*Action: DAR & FO* |

| | | |
|---|---|---|
| 2.3 | DAR – COVID 19 Pandemic – Permission requested to remit the total fee for third professional year of 2018 admission B.V.Sc & AH programme in two equal instalments – Reg. | Approved with the following modification made in the "Point for Decision" in the Agenda note.<br><br>The "Point for Decision" changed to: *"Whether the Board of Management would grant permission to remit the total fee (tuition fee/ special fee) of the third Professional year for 2018 admission students of B.V.Sc & AH programme in two equal instalments i.e, first instalment within notified date i.e 28.01.2021 and second instalment <u>on or before the ending of the current semester or reopening the College.</u>"*<br><br>*Action: DAR* |
| 2.4 | ഡി.എ.ആർ - സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് ബി.വി.എസ്.സി കോഴ്സിന് 10% സീറ്റുകൾ സംവരണം ചെയ്യുന്നത് സംബന്ധിച്ച്. | വെറ്ററിനറി കൗൺസിൽ ഓഫ് ഇൻഡ്യയിൽ നിന്നും ലഭ്യമാകുന്ന മറുപടിയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചു.<br><br>*നടപടി: ഡി.എ.ആർ.* |
| 3.1 | പൊതുഭരണം/സി1 – Agricultural Skill Council of India യുടെ കീഴിൽ ആരംഭിക്കുന്ന Centre of Excellence for Dairy Skills in India (CEDSI) യുമായി സഹകരിച്ച് പ്രവർത്തിക്കുന്നത് – സംബന്ധിച്ച്. | തത്വത്തിൽ അംഗീകരിച്ചു.<br><br>നടപടി: രജിസ്ട്രാർ |
| 3.2 | പൊതുഭരണം/ബി1 – 36-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗത്തിന്റെ അജണ്ടകുറിപ്പുകൾ – അംഗീകരിക്കുന്നത് – സംബന്ധിച്ച്. | അംഗീകരിച്ചു.<br><br>നടപടി: രജിസ്ട്രാർ |
| 6.1 | FW – Finance - Budget Estimate 2020-21 – Reg | Approved.<br><br>*Action: FO* |
| OA: 1 | DAR – Research – RKVY project entitled "Health care management for augmenting production in small scale and marginal cattle farms of Kerala (University Veterinary Hospital, Mannuthy) - permission to purchase equipment items through e-tender/GeM/quotation – ratification sought for - Reg. | Ratified.<br><br>*Action: DAR* |

| | | |
|---|---|---|
| OA: 2 | GA/A5 - Recruitment for selection to the post of Registrar and against NCA vacancies of Assistant Professor in different departments- Travelling expenses met in respect of subject experts – Regarding. | Ratified.<br><br>*Action: Registrar* |

**അജണ്ടാക്കുറിപ്പുകൾക്ക് പുറത്തുനടന്ന ചർച്ചകളും തീരുമാനങ്ങളും:**

1) അദ്ധ്യക്ഷന്റെ അനുവാദത്തോടു കൂടി സർവ്വകലാശാല നേരിട്ടുകൊണ്ടിരിക്കുന്ന, ഭാവിയിൽ നേരിടാൻ പോകുന്ന സാമ്പത്തിക പ്രതിസന്ധിയെ കുറിച്ച് ഫിനാൻസ് ഓഫീസർ സഭക്കു മുൻപാകെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. മുൻ വർഷങ്ങളിലെ പോലെ തന്നെ തുർന്നു വരുന്ന സാമ്പത്തിക വർഷത്തിലും പദ്ധതിയേതര ഗ്രാന്റ് 10 ശതമാനം വെട്ടിക്കുറച്ചതും 2021-22 വർഷത്തേക്കു നാമമാത്രമായ തുക നീക്കിവെച്ചതും സർവ്വകലാശാലയുടെ നിലനിൽപ്പിനെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണെന്ന് റിപ്പോർട്ടിൽ പറയുന്നു.

   2013-14 സാമ്പത്തിക വർഷത്തിനു ശേഷം സർവ്വകലാശാലയിൽ ഒഴിഞ്ഞു കിടന്നിരുന്ന 140 അധ്യാപക തസ്തികകളിലും, 471 സ്ഥിരം തോഴിലാളി തസ്തികകളിലും, 130 അനധ്യാപക തസ്തികകളിലും നിയമനം നടത്തിയിട്ടുള്ളവരുടെ ശമ്പള വിഹിതവും, 300 പെൻഷൻകാരുടെ പെൻഷൻ തുകയും കൂടി കണക്കാക്കുമ്പോൾ, ശമ്പളം, പെൻഷൻ എന്നിവക്കു മാത്രമായി 45 കോടി രൂപ കൂടി അധികമായി, ആകെ 130 കോടി രൂപ സർവ്വകലാശാലയുടെ പദ്ധതിയേതര ഗ്രാന്റായി 2021-22 സാമ്പത്തിക വർഷത്തിൽ 2415-03-277-99-31 എന്ന ശീർഷകത്തിൽ അനുവദിക്കണമെന്നു സർക്കാരിനോട് ആവശ്യപ്പെടണമെന്നു ബഹു. ഭരണസമിതി അംഗങ്ങളോട് റിപ്പോർട്ടിൽ ഫിനാൻസ് ഓഫീസർ അഭ്യർത്ഥിച്ചു.

   കാർഷിക സർവ്വകലാശാലയിൽ നിന്നും പി.എഫ്. വിഹിതമായി സർവ്വകലാശാലക്കു ലഭിക്കാനുള്ള തുക മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മുൻയോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഗ്രാന്റായി അനുവദിക്കാം എന്നു അറിയിച്ചിരുന്നെങ്കിലും, 2021-22 സാമ്പത്തിക വർഷത്തിൽ ആയത് വകയിരുത്തിയിട്ടില്ല എന്നും ഫിനാൻസ് ഓഫീസർ അഭിപ്രായപ്പെട്ടു.

   യോഗം ഈ വിഷയത്തിൽ വളരെ ഗൗരമായി ചർച്ച നടത്തുകയും, ഭരണസമിതി അംഗം എന്ന നിലയിൽ സർക്കാരിന്റെ ധനകാര്യ വിഭാഗം പ്രതിനിധി ശ്രീ. എൻ. ഗോപകുമാർ, അഡീഷണൽ സെക്രട്ടറി, ഈ വിഷയം പരിശോധിച്ചു സാധ്യമായ നടപടികൾ സ്വീകരിക്കാമെന്നു അറിയിച്ചു, ആയതിനായി ഈ വിഷയങ്ങൾ സമഗ്രമായി സർക്കാരിലേക്ക് എഴുതി അറിയിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

   മറ്റു അംഗങ്ങളും ഈ വിഷയത്തിൽ സാധ്യമായ ഇടപെടൽ നടത്താമെന്നും അറിയിച്ചു.

   *നടപടി: ഫിനാൻസ് ഓഫീസർ*

2) സർവ്വകലാശാലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ആവശ്യത്തിനു അധ്യാപകരില്ലാത്ത സാഹചര്യം നിലനിൽക്കുന്നു എന്ന് വിദ്യാർത്ഥികൾ വിവിധ പരാതികൾ ബോധിപ്പിച്ചിട്ടുള്ളതായും, ആയതിൽ അടിയന്തിരമായ പരിഹാരം കാണേണ്ടതുണ്ടെന്നും ബഹു. അംഗം ശ്രീ. സി.കെ. ശശീന്ദ്രൻ - എം.എൽ.എ. ആവശ്യപ്പെട്ടു.

ഏതൊക്കെ വിഭാഗത്തിൽ ആണ് തസ്തിക ഒഴിഞ്ഞു കിടക്കുന്നത് എന്നത് സംബന്ധിച്ച ഒരു റിപ്പോർട്ട് അടുത്ത ഭരണസമിതി യോഗത്തിൽ സമർപ്പിക്കുവാനും നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അംഗീകൃത അദ്ധ്യാപക തസ്തികകളിൽ ഉചിതമായ രീതിയിൽ നിയമനം നടത്തുന്നതിനും തീരുമാനിച്ചു.

*നടപടി: രജിസ്ട്രാർ*

3) വിദ്യാർത്ഥികളുടെ പി.ജി. അലവൻസ് വർധിപ്പിക്കുതിന് വേണ്ട തീരുമാനമെടുക്കണമെന്ന് ബഹു. അംഗം ശ്രീ. സി.കെ. ശശീന്ദ്രൻ - എം.എൽ.എ.ആവശ്യപ്പെട്ടു. സർവ്വകലാശാലയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അലവൻസ് വർധിപ്പിക്കുന്നത് സാധ്യമല്ല എന്ന് യോഗം വിലയിരുത്തി. ആയതിനാൽ സർവ്വകലാശാലക്കു അധിക ബാധ്യത വരാത്ത വിധത്തിൽ സർക്കാരിൽ നിന്നും നേരിട്ട് വിദ്യാർത്ഥികൾക്ക് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് സർക്കാരിലേക്ക് കത്ത് അയക്കാൻ തീരുമാനിച്ചു.

*നടപടി: ഫിനാൻസ് ഓഫീസർ & ഡി.എ.ആർ.*

രജിസ്ട്രാർ, അദ്ധ്യക്ഷനും മറ്റു അംഗങ്ങൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുകയും യോഗം 11.00 മണിക്ക് അവസാനിക്കുകയും ചെയ്തു.

**(ഒപ്പ്/-)**
**രജിസ്ട്രാർ**
**(മെമ്പർ സെക്രട്ടറി)**

**(ഒപ്പ്/-)**
**വൈസ് ചാൻസലർ**
**(അദ്ധ്യക്ഷൻ)**
*(21/01/2021-ന് അംഗീകരിച്ചു.)*

//True Copy//

**SECTION OFFICER - GA/B Section**